## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### "മിഷൻ 676"-ൽ ഉൾപ്പെടുത്തി ഗ്രാമവികസന വകുപ്പിനു കീഴിലിൽ പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5841

07.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച "മിഷൻ 676"-ൽ ഉൾപ്പെടുത്തി ഗ്രാമ വികസന വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഗ്രാമവികസന വകുപ്പിൻ കീഴിൽ **"മിഷൻ 676" ൽ ഉൾപ്പെടുത്തിയ** വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (ബി) | നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽപ്പെട്ടതിനാൽ പ്രത്യേക തുക ആവശ്യമില്ല. ആയതിനാൽ ഇതിനായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ

**PMGSY**

1. പണി പുരോഗതിയിലുള്ള 61 റോഡുകൾ (150 കി.മീ.) 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കും. PMGSY-II ൽ 570 കി.മീ. റോഡിന്റെ ഡി.പി.ആർ. 100 ദിവസത്തിനകം പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങും.

2. മൊത്തം 548 റോഡുകൾ (1308 കി.മീ.) 676 ദിവസത്തിനുള്ളിൽ പൂർത്തിയാക്കും. PMGSY-II ൽ ആകെ ലഭിക്കുന്ന പ്രോജക്ടിലെ റോഡുപണി 676 ദിവസത്തിനകം പൂർത്തിയാക്കും.

**MGNREGS**

3. ജലസംരക്ഷണം, നീർത്തടപരിപാലനം, സൂക്ഷ്മ ചെറുകിട ജലസേചനം, മരംവച്ചു പിടിപ്പിക്കൽ, ഭൂവികസനം, മൃഗസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ 100 ദിവസത്തിനുള്ളിൽ 8.8ലക്ഷം തൊഴിൽ ദിനങ്ങളും 676 ദിവസത്തിനുള്ളിൽ 1400 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും.

4. 500 ഗ്രാമപഞ്ചായത്തിലും 100 ബ്ലോക്കു പഞ്ചായത്തിലും രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ പണി പൂർത്തിയാക്കും.

5. ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ ഒരു ഗ്രാമപഞ്ചായത്തിന് ശരാശരി 100 മഴക്കുഴി വീതം ആകെ സംസ്ഥാനത്ത് 1 ലക്ഷം മഴക്കുഴികൾ നിർമ്മിച്ചു ഭൂഗർഭജല ലഭ്യത വർദ്ധിപ്പിക്കുവാനുള്ള പദ്ധതി 676 ദിവസം കൊണ്ടു പൂർത്തിയാക്കും.

**IAY**

6. 100 ദിവസ കാലയളവിൽ 10000 വീടുകളും, 676 ദിവസ കാലയളവിൽ 1 ലക്ഷം വീടുകളും പൂർത്തീകരിക്കുന്നതാണ്.

**BLOCK PANCHAYAT BUILDING**

7. പുതുതായി അനുവദിച്ച കാറഡുക്ക, പരപ്പ, കല്യാശ്ശേരി, പാനൂർ, പനമരം, കാളികാവ് ബ്ലോക്കുകളിൽ 2 കോടി രൂപാ വീതം ചെലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം 676 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.